# പഞ്ചായത്ത് ഡയറക്ടറുടെ നടപടിക്രമങ്ങൾ.

വിഷയം:- പഞ്ചായത്ത് വകുപ്പ് - ഭരണസംബന്ധം - കാസറഗോഡ് ജില്ല - ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്ത് - സീനിയർ ക്ലർക്ക് ശ്രീ. പി. ജയരാജനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്ത് - ഉത്തരവാകുന്നു.

പരാമർശം:- മുഖ്യമന്ത്രിയുടെ പരാതി പരിഹാരസെല്ലിൽ നിന്നുള്ള 07.09.2017-ലെ 6471/2017-ാം നമ്പർ ഇ-പെറ്റീഷൻ.

**ഉത്തരവ് നമ്പർ ഡി9- 31853/17 തീയതി: 13.12.2017**

കാസറഗോഡ് ജില്ലയിലെ ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലർക്ക് ശ്രീ. പി. ജയരാജൻ, കേരള മുഖ്യമന്ത്രിയേയും ധനകാര്യവകുപ്പ് മന്ത്രിയേയും ബോധപൂർവ്വം അപകീർത്തിപ്പെടുത്തണമെന്ന ഉദ്ദേശത്തോടുകൂടി മുഖ്യമന്ത്രിയുടേയും ധനകാര്യ വകുപ്പ് മന്ത്രിയുടേയും സ്ഥാനമാനങ്ങൾക്ക് ഹാനികരമാകുന്ന രീതിയിലും അവർക്ക് അവമതിപ്പുണ്ടാക്കുന്ന തരത്തിലുള്ള ചിത്രങ്ങളും വാചകങ്ങളും നവമാധ്യമങ്ങളിലൂടെ പ്രചരിപ്പിച്ച് സമൂഹത്തിൽ ഉന്നതസ്ഥാനം അലങ്കരിക്കുന്നവരുടെ സൽപ്പേരിന് കളങ്കം വരുത്തി ടി ആൾക്കാരെ അപമാനിക്കുന്നതിന് നടത്തിയ പ്രവർത്തി കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടം 60 പ്രകാരം കടുത്ത നിയമ ലംഘനവും പെരുമാറ്റ ചട്ട ലംഘനവുമാണ്.

ഒരു സർക്കാർ ഉദ്യോഗസ്ഥനായിരിക്കെ മുഖ്യമന്ത്രിയേയും ധനകാര്യ വകുപ്പ് മന്ത്രിയേയും അപമാനിച്ചതും വ്യക്തിഹത്യ നടത്തിയതും കണക്കിലെടുത്ത് 1960 ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 10 (1) പ്രകാരം ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്ത് സീനിയർ ക്ലർക്ക് ശ്രീ. പി. ജയരാജനെ വിശദമായ അന്വേഷണത്തിന് മുന്നോടിയായി അച്ചടക്ക നടപടിക്ക് വിധേയമായി സർവ്വീസിൽ നിന്നും ഉടൻ പ്രബല്യത്തിൽ സസ്പെന്റ് ചെയ്തുകൊണ്ട് ഉത്തരവാകുന്നു.

ശ്രീ. പി. ജയരാജന് കെ.എസ്. ആർ. അനുശാസിക്കും പ്രകാരമുള്ള ഉപജീവന ബത്തയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്.

പി. മേരിക്കുട്ടി ഐ.എ.എസ്
പഞ്ചായത്ത് ഡയറക്ടർ

ശ്രീ. പി. ജയരാജൻ
സീനിയർ ക്ലർക്ക്
ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്ത്
കാസറഗോഡ്
(കാസറഗോഡ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന)

പകർപ്പ്:

(1) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസറഗോഡ്
(സസ്പെൻഷൻ ഉത്തരവ് നടപ്പിൽ വരുത്തി ആയത് ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.)
(2) സെക്രട്ടറി, ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്ത്.
(3) സൂപ്രണ്ട്, ഇ-സെക്ഷൻ
(4) കരുതൽ/അധികം